**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6645** **11-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വയനാട് ജില്ലയിൽ ആദിവാസി വിഭാഗങ്ങൾക്കായി പ്രത്യേക സാക്ഷരതാ പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ വയനാട് ജില്ലയിലെ ആദിവാസി സമൂഹത്തിന്റെ താഴ്ന്ന സാക്ഷരതാ നിരക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഘട്ടം ഘട്ടമായി നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്ന ഈ പദ്ധതിയിലൂടെ ആദിവാസി സമൂഹത്തിന്റെ സാക്ഷരതാനിരക്ക് ഉയർത്തിക്കൊണ്ടുവരാൻ സാക്ഷരതാ മിഷന് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | അട്ടപ്പാടി ആദിവാസി സാക്ഷരത തുല്യതാ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; ഈ മേഖലയിലെ പ്രേരക്മാരുടെയും ഇൻസ്ട്രക്ടർമാരുടെയും സേവന വേതന കാര്യത്തിൽ സർക്കാർ അനുകൂല തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>സംസ്ഥാന സാക്ഷരതാമിഷനിലെ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമാക്കിക്കൊണ്ട് 22.09.2023 ലെ സ.ഉ (കൈ) നം. 140/2023/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് 25.06.2024ലെ സ.ഉ (സാധാ) നം. 1131/2024/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ തസ്വഭവ/പിഡി/ 67615/2023/ഡി.പി.എൽ.എ4 നമ്പർ സർക്കുലർ പ്രകാരവും ഇവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികൾ

### പട്ടികജാതി വിഭാഗക്കാർക്കായുള്ള പദ്ധതി

'നവചേതന' - പട്ടികജാതി സാക്ഷരതാപദ്ധതി (തുടർപദ്ധതി) : പട്ടികജാതി വിഭാഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതി.ഈ പദ്ധതി 100 പട്ടികജാതി കോളനികളിലായി ആരംഭിക്കുകയും പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 1756 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുമുണ്ട്. രണ്ടാംഘട്ടത്തിൽ 2,358 പേർ രജിസ്റ്റർ ചെയ്തു. ആദ്യഘട്ടത്തിൽ സാക്ഷരത നേടിയ 1474 പഠിതാക്കളെ നാലാംതരം തുല്യതയിലേക്ക് രജിസ്റ്റർ ചെയ്യിപ്പിച്ചിട്ടുണ്ട്.

### പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പദ്ധതികൾ

1. 'സമഗ്ര' - പട്ടികവർഗ്ഗ സാക്ഷരതാപദ്ധതി: ആദിവാസി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും തുടർവിദ്യാഭ്യാസത്തിനുള്ള അവസരം ഒരുക്കുന്നതിനുമായി പട്ടികവർഗ്ഗ വികസനവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതി. പട്ടികവർഗ്ഗവികസനവകുപ്പ് തെരഞ്ഞെടുത്ത് നൽകിയ 100 പട്ടികവർഗ്ഗകോളനികളിലാണ് പദ്ധതി നടപ്പാക്കിവരുന്നത്. 'സമഗ്ര'പദ്ധതിയിലൂടെ സാക്ഷരരായവർക്ക് നാലാംതരം തുല്യതാകോഴ്സ് ആരംഭിച്ചിട്ടുണ്ട്.
2. അട്ടപ്പാടി ആദിവാസി സാക്ഷരതാപദ്ധതി (തുടർപദ്ധതി): പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതി. ഈ പദ്ധതിയിലൂടെ 3670 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ സാക്ഷരതാ പദ്ധതിയായ ഭരണഘടനാസാക്ഷരത, ലിംഗസമത്വബോധനം, പരിസ്ഥിതിസാക്ഷരത എന്നിവ സംബന്ധിച്ച ക്ലാസുകളും വിവിധ ഊരുകളിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.
3. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാപദ്ധതി (തുടർപദ്ധതി): വയനാട് ജില്ലയിലെ ആദിവാസി ഊരുകളിലെ മുഴുവൻ നിരക്ഷരതയും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി. ഇതിലൂടെ 20260 പേരെ സാക്ഷരരാക്കാൻ സാധിച്ചു. ഇപ്പോൾ ഈ പദ്ധതി വയനാട് ആദിവാസി പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയായി മാറ്റിയിട്ടുണ്ട്.
4. 'ആദിശ്രീ' പദ്ധതി: കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ നടത്തിവരുന്ന ആദിവാസി സാക്ഷരതാപദ്ധതി. കുടുംബശ്രീയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നിരക്ഷരരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുകയും ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട് .
5. 2000 കോളനികളിലെ സാക്ഷരതാപരിപാടി: കേരള സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് 2000 കോളനികളിലെ പ്രത്യേക സാക്ഷരതാപരിപാടി. പട്ടികജാതി-പട്ടികവർഗ്ഗ-തീരദേശ മേഖലകളിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി തുടർവിദ്യാ കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തെരഞ്ഞെടുത്ത കോളനികളിലാണ് പ്രത്യേക സാക്ഷരതാപരിപാടി നടപ്പിലാക്കിയത്. ഈ പ്രത്യേക പദ്ധതിയിലൂടെ 30755 പേരെ സാക്ഷരരാക്കാൻ സാധിച്ചിട്ടുണ്ട്.

## അനുബന്ധം-2

## വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന സാക്ഷരതാ പദ്ധതി

ആദിവാസി ഊരുകൾ കൂടുതലുള്ള മേഖലയായ വയനാട് ജില്ലയിലെ ആദിവാസി സമൂഹത്തിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്തുകൊണ്ട് പാർശ്വവൽകരിക്കപ്പെട്ട ഇത്തരം വിഭാഗക്കാരെ തുടർവിദ്യാഭ്യാസത്തിലേക്കും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സാക്ഷരതാമിഷൻ ആരംഭിച്ച പദ്ധതിയാണിത്. 2017-18 ലാണ് പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 282 ഊരുകളിൽ നിന്നും കണ്ടെത്തത്തിയ 9,751 നിരക്ഷരരിൽ 4,309 പേരെ സാക്ഷരരാക്കിക്കൊണ്ട് തുടർ വിദ്യാഭ്യാസത്തിന് അർഹരാക്കി. ഒന്നാംഘട്ടത്തിലൂടെ സാക്ഷരരായവർ നാലാംതരം തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നു. ഈ പദ്ധതിയുടെ രണ്ടാംഘട്ടം 200 ഊരുകളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. 3231 പേർ സാക്ഷരതാ ക്ലാസിൽ പങ്കെടുത്തുവരുന്നു. 2019 ജൂലൈ 7 ന് ഇവർക്കായി 'മികവുത്സവം' നടത്തി. 2993 പേർ സാക്ഷരരായി. വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട 600 പേരെയാണ് ഘട്ടങ്ങളിലായി പദ്ധതിയുടെ ഇൻസ്ട്രക്ടർമാരായി തെരഞ്ഞെടുത്തത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹായത്തോടെയും ഏകോപനത്തോടെയും നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഘട്ടം ഘട്ടമായി നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്ന ഈ പദ്ധതിയിലൂടെ സാക്ഷരതാനിരക്ക് ഉയർത്തിക്കൊണ്ടുവരാൻ സാക്ഷരതാ മിഷന് കഴിഞ്ഞിട്ടുണ്ട്.

# അനുബന്ധം 3

## അട്ടപ്പാടിആദിവാസി സാക്ഷരതാപദ്ധതി

പാലക്കാട് ജില്ലയിലെ ആദിവാസിമേഖലയായ അട്ടപ്പാടിയിൽ സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'അട്ടപ്പാടിആദിവാസി സാക്ഷരതാപദ്ധതി'. ഈ പദ്ധതിയുടെ ആദ്യ രണ്ട് ഘട്ടങ്ങളിലായി വിവിധ ഊരുകളിലുള്ള 3670 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്. സാക്ഷരതാ പരീക്ഷയിലൂടെ വിജയിച്ച 3,000 പേർ നാലാംതരം തുല്യതാ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നു. മൂന്നാം ഘട്ടം സാക്ഷരതയ്ക്ക് 156 ഊരുകളിലായി 1,347 പേർ പഠനം നടത്തുന്നു. നാലാംതരം തുല്യതയ്ക്ക് 1,763 പേർ പഠിച്ചുവരുന്നു. മൂന്നാംഘട്ടത്തിന്റെ തുടർച്ചയായി അട്ടപ്പാടി ബ്ലോക്കിലെ അവശേഷിക്കുന്ന മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കുന്നതിനുവേണ്ടി സമ്പൂർണ്ണ സാക്ഷരതാപദ്ധതിയും നടപ്പിലാക്കി. സാക്ഷരതാമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിയ സാമൂഹ്യസാക്ഷരതാ പദ്ധതിയായ ഭരണഘടനാസാക്ഷരത, ലിംഗസമത്വബോധനം, പരിസ്ഥിതിസാക്ഷരത എന്നിവ സംബന്ധിച്ച ക്ലാസുകളും വിവിധ ഊരുകളിൽ നൽകാൻ സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനകീയസംരംഭമായാണ് പദ്ധതി നടപ്പാക്കുന്നത്.